LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ഉല്പാദനവും ഉപഭോഗവും

260 (645) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉല്പാദനവും ഉപഭോഗവും കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ഓരോ വർഷവും എത്ര ദശലക്ഷം യൂണിറ്റായിരുന്നുവെന്ന് വിശദമാക്കുമോ?

കഴിഞ്ഞ 5 വർഷങ്ങളിൽ ഓരോ വർഷത്തെയും സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉല്പാദനവും ഉപഭോഗവും സംബന്ധിച്ച കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം കുറവും ഉപഭോഗം കൂടുതലും ആയ സാഹചര്യത്തിൽ വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്ത് വൻകിട വൈദ്യുത പദ്ധതികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളാണ്. വിശദവിവരം നൽകാമോ?

വലിയ ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ട്. നിലവിൽ വലിയ ജലവൈദ്യുത പദ്ധതികളായ പള്ളിവാസൽ (60MW), തോട്ടിയാർ (40 MW) എന്നീ പദ്ധതികളുടെ പണികൾ പുരോഗമിച്ചുവരുന്നു. കൂടാതെ മാങ്കുളം (40 MW) ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ദർഘാസ് ഉടനെ ക്ഷണിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിനുപുറമേ ഇടുക്കി എക്സ്റ്റൻഷൻ പദ്ധതി പരിഗണനയിലുണ്ട്. 780 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പദ്ധതി സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാദ്ധ്യതാപഠനം നടത്തി പദ്ധതി രൂപ രേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾക്ക് വാപ്കോസ്, ന്യൂഡൽഹിക്ക് കരാർ നൽകിയിട്ടുണ്ട്.

(സി) ഇതര സംസ്ഥാനങ്ങൾ, കേന്ദ്രപൂൾ എന്നിവയിൽ നിന്നും പ്രതിവർഷം എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതി വിലയ്ക്കുവാങ്ങുന്നുവെന്നും പ്രതിവർഷം ഇതിനായി നൽകുന്ന തുക എത്രയെന്നും വിശദമാക്കാമോ?

2020-21 സാമ്പത്തിക വർഷം ഇതര സംസ്ഥാനങ്ങളിലുള്ള ജനറേറ്റിംഗ് സ്റ്റേഷനുകളിൽ നിന്ന് ദീർഘകാല കരാറുകൾ മുഖേന 8104.65 MU വൈദ്യുതിയും ഹ്രസ്വകാല കരാറുകൾ മുഖേന 167.02 MU വൈദ്യുതിയും വാങ്ങിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഇതര സംസ്ഥാനങ്ങളിലെ ഉത്പാദന നിലയങ്ങളിൽനിന്നും വൈദ്യുതി വാങ്ങുന്നതിനായി ദീർഘകാല കരാർ വഴി

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

3,126.88 കോടി രൂപയും ഹ്രസ്വകാല കരാർ വഴി 65 കോടി രൂപയും, കേന്ദ്ര പൂൾ വഴി 3,691.10 കോടി രൂപയും ഇതിനായിട്ടുള്ള പ്രസരണ ചാർജ് ഇനത്തിൽ 618.78 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

കുന്നത്തുനാട് മഴുവന്നൂർ പഞ്ചായത്തിലെ വൈദ്യുതി ക്ഷാമം

261 (646) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിൽ വളയൻചിറങ്ങര ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള ഇരുന്നൂറ്റി അറുപത്തിമൂന്ന് കുടുംബങ്ങളുടെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി പെരുമ്പാവൂർ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ പരിഗണനയിലുള്ള നെല്ലാട് പാലച്ചുവട് നിന്നും പാലത്താലിയിലേയ്ക്ക് എ.ബി.സി. കേബിൾ വലിച്ചു പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മഴുവന്നൂർ ഗ്രാമ പഞ്ചായത്തിലെ വളയൻചിറങ്ങര ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള പാലത്താലി ഭാഗത്തെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനായി നിലവിൽ ഓവർഹെഡ് ലൈനായി പോകുന്ന 11 കെ.വി. മംഗലത്തുനട ഫീഡറും കൂടാതെ പാലത്താലി, ലിഫ്റ്റ് ഇറിഗേഷൻ എന്നീ രണ്ട് ട്രാൻസ്ഫോർമറുകളും 11 കെ.വി AB കേബിൾ ഉപയോഗിച്ച് റോഡിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനായി 54.26 ലക്ഷം രൂപയുടെ പദ്ധതി 22-23 സാമ്പത്തിക വർഷത്തെ RDSS പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ആഭ്യന്തര വൈദ്യുതി ഉത്പാദനം

262 (647) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രതിവർഷ ആഭ്യന്തര വൈദ്യുതി ഉത്പാദനം എത്രയാണ്; ഇത് മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടിയിട്ടുണ്ടോ?

2020-21 വർഷത്തെ ആഭ്യന്തര വൈദ്യുതി ഉത്പാദനം 7637.83 MU ആയിരുന്നു. കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ (2016-17 മുതൽ 2020-21 വരെ) പരിശോധിക്കുകയാണെങ്കിൽ 2020-21-ലെ ആഭ്യന്തര വൈദ്യുതി ഉത്പാദനം 2018-19 ഒഴികെയുള്ള മറ്റ് വർഷങ്ങളെ അപേക്ഷിച്ച് കൂടിയിട്ടുണ്ട്.